വെള്ളം പങ്കുവയ്ക്കാനുള്ള ശേഷി ഇല്ലാത്തതിനാൽ ഈ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. മാടായി പഞ്ചായത്തിൽ ജിക്കാ പദ്ധതിയുടെ കണ്ണവത്തുള്ള ടാങ്കിൽനിന്നും 2 എം.എൽ.ഡി. വെള്ളം ഉപയോഗിച്ച് ജലവിതരണം നടത്തുന്നുണ്ട്. ബാക്കി സ്ഥലങ്ങളിൽ കൂടി ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തിവരുന്നു. കുഞ്ഞിമംഗലം ചെറുതാഴം പഞ്ചായത്തുകൾക്ക് പൂർണ്ണമായും ജലവിതരണം നടത്താനുള്ള സ്രോതസ്സുകൾ ഇതിനുസമീപത്തായി ഇപ്പോൾ ലഭ്യമല്ല.

ശുദ്ധജല വിതരണ പദ്ധതികളുടെ നവീകരണം

195 (4481) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പഴയ പൈപ്പ്‌ലൈനുകൾ മാറ്റി പകരം പുതിയ എം.എസ്. പൈപ്പ് ഇടുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ശുദ്ധജല വിതരണ പദ്ധതികളുടെ നവീകരണത്തിന് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന കുടിവെള്ള പദ്ധതികളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾക്ക് പകരം അനുയോജ്യമായ പൈപ്പുകൾ ഇടുന്നതിനുള്ള പ്രൊപ്പോസലുകൾ ഓരോ വർഷവും ശേഖരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. ആദ്യപടിയായി പഴയ എ.സി., പ്രീമോ പൈപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റി പകരം ഡി.ഐ./എം.എസ്./പി.വി.സി. തുടങ്ങിയവ പ്രദേശത്തിന്റെ അവസ്ഥ അനുസരിച്ച് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം നഗര ശുദ്ധജല വിതരണ പദ്ധതിയിൽ അരുവിക്കര മുതൽ പേരൂർക്കടവരെയുള്ള പഴകിയ പി.എസ്.സി. പൈപ്പിനുപകരം എം.എസ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 26-2-2014-ൽ പൂർത്തിയായി കമ്മീഷൻ ചെയ്തു.

(ബി) പൈപ്പുകളുടെ കാലപ്പഴക്കവും നിരന്തരമായ പൊട്ടലുകളും കാരണം ഉല്പാദിപ്പിക്കുന്ന ശുദ്ധജലത്തിന്റെ നല്ലൊരു ശതമാനം പാഴായി പോകുന്നത് തടയുന്നതിനായി പഴയതും ഉപയോഗശൂന്യവുമായ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം പൈപ്പുകൾ മാറ്റുന്നതിലൂടെ ചോർച്ചമൂലമുള്ള ജലനഷ്ടം പരിഹരിക്കുകയും ശുദ്ധജല വിതരണം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യം കൂടാതെ അറ്റകുറ്റപ്പണികളുടെ ചെലവ് കുറയ്ക്കാൻ സാധിക്കും.

(സി) മെയിൻ ലൈനുകളിലെ സ്ഥിരമായി ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ ഒഴിവാക്കുന്നതിലൂടെ കൂടുതൽ ശുദ്ധജലം ടാങ്കുകളിൽ എത്തുകയും ജലവിതരണം മെച്ചപ്പെടുകയും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വിതരണ ശൃംഖല സ്ഥാപിക്കുവാൻ കഴിയുകയും ചെയ്യും. പദ്ധതികളുടെ നവീകരണംകൂടി കണക്കിലെടുത്ത് അതിന് യോജിക്കുന്ന വ്യാസവും ക്ലാസ്സുമുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. ആയതിനാൽ പൈപ്പ് പൊട്ടി റോഡുകൾ തകരുന്നതും മറ്റ് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കാനും സാധിക്കും.

(ഡി) ഇതിലേയ്ക്കായി സംസ്ഥാന സർക്കാർ 2009-10 ബഡ്ജറ്റിൽ 'സാർക്ക് 2009-10' എന്ന ഹെഡിൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി 6 പദ്ധതികളുടെ പൈപ്പുകൾ മാറ്റിയിടുന്നതിനായി തുക വക കൊള്ളിച്ചിരുന്നു. കൂടാതെ 2011-12 ബഡ്ജറ്റ് മുതൽ 'പഴയതും ഉപയോഗശൂന്യവുമായ പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ' എന്ന ഹെഡിൽ ഒരു നിശ്ചിത തുക വകകൊള്ളിച്ചുവരുന്നു. ഇത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(തുക ലക്ഷത്തിൽ)

വർഷം	ബജറ്റിൽ വക കൊള്ളിച്ച തുക	ഭരണാനുമതി നൽകിയ തുക	ചെലവാക്കിയ തുക
2011-12	6500.00	7579.90	7131.95
2012-13	8500.00	11241.89	8600.57
2013-14	9000.00	14560.00	7038.66
2014-15	9500.00	5337.00*	4999.21

(*നാളിതുവരെ)

ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ

196 (4482) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കുവാൻ കഴിയുന്നവിധം ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ചുരുങ്ങിയ ചെലവിൽ കൂടുതൽ വീടുകളിൽ ശുദ്ധജലമെത്തിക്കുവാൻ സാധിക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീമിന് ഒരു പൊതുമാതൃക ആവിഷ്കരിച്ചു നൽകുവാൻ വകുപ്പ് തയ്യാറാകുമോ ;

(സി) സർക്കാർ നേരിട്ട് നടപ്പിലാക്കിയ ശുദ്ധജല വിതരണ പദ്ധതികളുടെ ആകെ ഗുണഭോക്താക്കൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി കൂടുതൽ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന ഒന്നിലധികം പഞ്ചായത്തുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രകുടിവെള്ള പദ്ധതികൾക്കാണ് ഊന്നൽ നൽകുന്നത്. എന്നിരുന്നാലും ഇതര സ്രോതസ്സുകളുടെ അഭാവത്തിൽ ജലദൗർലഭ്യം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ കേരള ജല അതോറിറ്റി ചെറുകിട കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാറുണ്ട്. ജലനിധി കൂടുതലും ചെറുകിട ജലവിതരണ പദ്ധതികളാണ് പഞ്ചായത്തുകളിൽ നടപ്പാക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly